വൈദ്യുതി മോഷണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

53 (438) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി മോഷണ കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന പറയാമോ; ഈ കേസ്സുകൾ പ്രകാരം എത്ര രൂപയുടെ നഷ്ടം സർക്കാരിനുണ്ടായി ;

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; കുറ്റം ചാർത്തപ്പെട്ട വ്യക്തികളിൽ നിന്നും ഇതിനോടകം എത്ര തുക സർക്കാരിന് ലഭിച്ചു എന്നു പറയാമോ;

(സി) തെറ്റായി ചാർജ്ജ് ചെയ്യപ്പെട്ടതാണെന്ന കാരണത്താൽ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ വിടുതൽ ചെയ്യുകയോ തുക ഈടാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 50 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ പിഴ ഒടുക്കാത്ത 2 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മോഷണക്കേസുകൾ പ്രകാരം 1,96,19,222 രൂപയുടെ നഷ്ടം ബോർഡിന് ഉണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള വിവരവും അവയിൽനിന്നും ഇതിനോടകം ബോർഡിന് ലഭിച്ചതുമായ തുകയുടെ വിവരവും ചുവടെ ചേർക്കുന്നു:

നമ്പർ	ജില്ല	ആകെ കേസുകളുടെ എണ്ണം	കിട്ടിയ തുക
1	തിരുവനന്തപുരം	2	774197
2	കൊല്ലം	13	1772135
3	ആലപ്പുഴ	6	778128
4	കോട്ടയം	2	10556647
5	എറണാകുളം	9	7365153
6	തൃശ്ശൂർ	1	24500
7	ഇടുക്കി	6	1002320
8	മലപ്പുറം	4	56863
9	വയനാട്	1	11699
10	പാലക്കാട്	5	1080702
11	കോഴിക്കോട്	1	101045

(സി) തെറ്റായി ചാർജ്ജ് ചെയ്യപ്പെട്ടുവെന്ന കാരണത്താൽ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിൻ പ്രകാരം രണ്ട് കേസുകളിൽ പിഴത്തുക കുറവ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയും രണ്ട് കേസുകൾ വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

കുറവ് ചെയ്തവ :

1. കൺസ്യൂമർ നമ്പർ - 20340, ഇലക്ട്രിക്കൽ സെക്ഷൻ, കാട്ടാക്കട

2. കൺസ്യൂമർ നമ്പർ - 4356, ഇലക്ട്രിക്കൽ സെക്ഷൻ, വാഴക്കുളം

വിടുതൽ ചെയ്തവ:

1. കൺസ്യൂമർ നമ്പർ - 9630, ഇലക്ട്രിക്കൽ സെക്ഷൻ, കുമിളി

2. കൺസ്യൂമർ നമ്പർ - 4356, ഇലക്ട്രിക്കൽ സെക്ഷൻ, കുമിളി.

വൈദ്യുതി ചാർജ് ഇളവ്

54 (439) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉണ്ടോക്കു സമിതികൾ ഏറ്റെടുത്ത് നടത്തിവരുന്ന എസ്. സി., എസ്. റ്റി. കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികൾക്ക് വൈദ്യുതി ചാർജ് ഇളവ് അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

കുടിവെള്ള വിതരണ പദ്ധതികൾക്കായി ഇളവ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാനത്തെ വൈദ്യുതി നിരക്ക് പരിഷ്കരണത്തിനുള്ള പരമമായ അധികാരം വൈദ്യുതി നിയമം 2003-ലെ 61, 52, 86 എന്നീ സെക്ഷനുകൾ പ്രകാരം നിക്ഷിപ്തമായിരിക്കുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലാണ്. ഇപ്രകാരം നിർണ്ണയിക്കുന്ന വൈദ്യുതി താരിഫിന്മേൽ വിതരണ ലൈസൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇളവ് അനുവദിക്കാനാവില്ല.

വൈദ്യുതി തകരാർ പരിഹാര നടപടികൾ

55 (440) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേടായ ഇലക്ട്രിക് മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതു സംബന്ധിച്ച് ധാരാളം പരാതികൾ ഓരോ സെക്ഷനിലും കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly